കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ഇപ്പോൾ ഉള്ള ആയിരത്തിഒന്ന് പഞ്ചായത്തുകളിൽ 500-ൽപ്പരം പഞ്ചായത്തുകളിൽ മാത്രമേ മൃഗങ്ങളെ ചികിൽസിക്കുന്നതിനു വേണ്ടി ഡിസ്പെൻസറികൾ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. മുഴുവൻ പഞ്ചായത്തുകളിലും ഡിസ്പെൻസറികളോ ആശുപത്രികളോ സ്ഥാപിക്കണമെന്നുള്ള ലക്ഷ്യമുണ്ട്. അത് പടിപടിയായി ആരംഭിക്കുന്നതാണ്. വെറ്ററിനറി ഡോക്ടർമാരുടെ കുറവു കൊണ്ട് ഏഴാം പഞ്ചവൽസര പദ്ധതികാലത്ത് കേരളാ കാർഷിക സർവകലാശാലയുടെ കീഴിൽ പുതിയ വെറ്ററിനറി കോളേജ് ആരംഭിക്കുന്നതിന് ഉദ്ദേശ്യമുണ്ട്. പുതുതായി ആരംഭിക്കുന്ന വെറ്ററിനറി കോളേജിന്റെ സ്ഥല നിർണ്ണയത്തിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നതിനുമായി കാർഷിക സർവകലാശാല വൈസ്ചാൻസ്ലർ ചെയർമാനായി ഡോ. കൃഷ്ണൻനായർ, ഡീൻ കാർഷിക സർവകലാശാല, മൃഗസംരക്ഷണ ഉപദേഷ്ടാവ് ഡോ. പി.കെ. നമ്പ്യാർ, കാർഷിക ഉൽപ്പാദന കമ്മീഷണർ എസ്. ഗോപാലൻ എന്നിവർ അടങ്ങുന്ന ഒരു നാലംഗ കമ്മിറ്റിയെ 10-10-1985-ൽ നിയമിക്കുകയുണ്ടായി. ആറുമാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ കഴിയാത്തതിനെ തുടർന്ന് കമ്മിറ്റിയുടെ കാലാവധി നീട്ടികൊടുക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ഇതുവരെയും സർക്കാരിന് ലഭിച്ചിട്ടില്ല. പല ജില്ലകളിൽ നിന്നും ജനപ്രതിനിധികൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. വെറ്ററിനറി കോളേജ് ആരംഭിക്കണമെന്ന് റിപ്പോർട്ട് കിട്ടിയശേഷം അതു പരിശോധിച്ച് മാത്രമേ കോളേജ് എവിടെ സ്ഥാപിക്കണം, എപ്പോൾ സ്ഥാപിക്കണമെന്ന് തീരുമാനിക്കാൻ കഴിയൂ.

മി. സ്പീക്കർ: ഇന്ന് ഡിമാന്റുകളുടെ ലാസ്റ്റ് ഡേറ്റാണ്. റൂൾ പ്രകാരം, ചട്ടം 143 (2) On the last day of the allotted days at 1.30 p.m. the Speaker shall forthwith put every question necessary to dispose of all the outstanding matters in connection with the demands for grants. അതുകൊണ്ട് കൂടുതൽ സമയം അനുവദിക്കാൻ പറ്റുകയില്ല. അതുകൊണ്ട് വേവ് ചെയ്ത് സഭയുടെ സെൻസ് അനുസരിച്ച് ചെയ്യാവുന്നതാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: വേവ് ചെയ്യാം സർ.

(4) വണ്ടൻമേട്ടിലെ ആർ.എസ്.എസ്. ആക്രമണം

ശ്രീ. എം. ജിനദേവൻ: സർ, ഇടുക്കി ജില്ലയിൽ എന്റെ നിയോജകമണ്ഡലത്തിലെ വണ്ടൻമേടു പഞ്ചായത്തിൽ കറുവാക്കുളം എന്ന സ്ഥലത്ത് 15-7-1986-ൽ മലനാട് പ്ലാന്റേഷൻ എംപ്ലോയീസ് യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഒരു പൊതുയോഗം ആർ.എസ്.എസ്. കാരായ ഏതാനും പേർ ചേർന്ന് ആക്രമിച്ചു. യോഗം നടന്നുകൊണ്ടിരുന്ന സമയത്ത് ആർ.എസ്.എസ്. പ്രവർത്തകനും എസ്റ്റേറ്റ് ഉടമയുമായ രാമമൂർത്തി എന്നയാളുടെ നേതൃത്വത്തിൽ ആർ.എസ്.എസ്. പ്രവർത്തകരായ ചന്ദ്രൻ, പ്രകാശ്, ദൈവേന്ദ്രൻ മുരുകൻ, പാണ്ടിയൻ, അയ്യപ്പൻ, മുത്തയ്യ എന്നിവർ വാൾ, കുന്തം, പടക്കം തുടങ്ങിയ ആയുധങ്ങളുമായി പ്രസംഗവേദിയിലേക്ക് വരുകയും പടക്കം എറിഞ്ഞ് പൊട്ടിച്ച് ഭീകരത സൃഷ്ടിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. പ്രസ്ഗിച്ചുകൊണ്ട് നിന്ന എം.കെ.എം. ദൊര എന്ന ട്രേഡ് യൂണിയൻ പ്രവർത്തകനെയും വേദിയിലുണ്ടായിരുന്ന തൊഴിലാളി യൂണിയൻ പ്രവർത്തകരായ എസ്. തങ്കവേലു, മലയൻ, ശെൽവൻ എന്നിവരെയും ഈ അക്രമികൾ വാൾകൊണ്ട് വെട്ടുകയും മാരകമായി പരിക്കേൽപ്പിക്കുകയും ചെയ്തു. ഇവരെല്ലാം മരണത്തിൽ നിന്ന് കഷ്ടിച്ച് രക്ഷപ്പെടുകയാണുണ്ടായിട്ടുള്ളത്. തങ്കവേലു, ദൊര എന്നിവർ ഇപ്പോൾ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലും, മലയൻ, ശെൽവൻ എന്നിവർ പുറനാട്ടി ഗവൺമെൻറാശുപത്രിയിലും ചികിൽസയിൽ കഴിയുന്നു.

വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന ഒരു ട്രേഡ് യൂണിയന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട പൊതുയോഗമായിരുന്നു. തമിഴ് ഭാഷാന്യൂനപക്ഷക്കാരായ തോട്ടം തൊഴിലാളികൾ തിങ്ങിത്താമസിക്കുന്ന ഒരു ഒറ്റപ്പെട്ട പ്രദേശമാണ് കറുവാക്കുളം.

അവിടെ ആർ.എസ്.എസ്. കാരുടെ ഡ്രില്ലും ആയുധപരിശീലനവും കുറച്ചുകാലമായി നടന്നുവരുകയായിരുന്നു. ആയുധപരിശീലനം നിരോധിക്കണമെന്ന് ട്രേഡ് യൂണിയനുകൾ സംയുക്തമായി ആവശ്യപ്പെട്ടു. സി.ഐ.ടി.യു., എ.ഐ.ടി.യു.സി., ഐ.എൻ.ടി.യു.സി. തുടങ്ങിയ ഒട്ടേറെ യൂണിയനുകൾ ഒരുമിച്ച് ആവശ്യപ്പെട്ടതാണ്. അതു ചെവിക്കൊള്ളാൻ ജില്ലയിലെ പോലീസ് മേധാവികൾ തയ്യാറായില്ല. അക്രമികളെ ആരേയും ഇതുവരെയും അറസ്റ്റ് ചെയ്തിട്ടില്ല. അവിടെ സംഘർഷാവസ്ഥ ഇപ്പോഴും നിലനിൽക്കുന്നു.

അക്രമികളെ ഉടനടി അറസ്റ്റ് ചെയ്ത് വധശ്രമത്തിന് കേസ് ചാർജ് ചെയ്യാനും അവിടെ ആർ.എസ്.എസ്.കാർ നടത്തിക്കൊണ്ടിരിക്കുന്ന ഡ്രില്ലും ആയുധപരിശീലനങ്ങളും നിരോധിക്കാനും ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ജൂലായ് 15-ാം തിയ്യതി നടന്ന സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണ്. ആർ.എസ്.എസ്. പ്രവർത്തകർ സി.ഐ.ടി.യു. പ്രവർത്തകരുടെ നേരെ കൈയേറ്റം നടത്തി, അതു സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയാണ്. വണ്ടൻമേട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 106/86 സെക്ഷൻ 143, 147, 148, 149, 324 ഇവകൂടാതെ ഇൻഡ്യൻ പീനൽ കോഡ് പ്രോസീജർ കോഡിലെ നാലും അഞ്ചും വകുപ്പ് അനുസരിച്ചുള്ള കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയാണ്. ചന്ദ്രൻ, മുരുകൻ, ദൈവേന്ദ്രൻ, പാണ്ഡ്യൻ, പ്രകാശ് എന്നീ പ്രതികളാണ് ഈ കേസിൽ ഉള്ളത്. അവരെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. തമിഴ്നാടിന്റെ ബോർഡറിലായതുകൊണ്ട് അന്വേഷണത്തിൽ അവർ തമിഴ്നാട്ടിലുള്ളവരാണെന്നാണ് അറിവ്. അവരെ പിടിക്കാനുള്ള നടപടികളും എടുക്കുന്നുണ്ട്. ആർ.എസ്.എസിന്റെ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളും തടയാൻ ആവശ്യമായ നിർദ്ദേശങ്ങളും കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly